**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 269** **27-06-2022 - ൽ മറുപടിയ്ക്ക്**

**മാതൃകാ അംഗനവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മാതൃകാ അംഗനവാടികൾ നിർമ്മിക്കുവാൻ വനിതാ-ശിശുവികസന വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര മാതൃകാ അംഗനവാടികളാണ് സ്ഥാപിക്കുന്നതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | (എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃക അങ്കണവാടി പദ്ധതി പ്രകാരം നാളിതുവരെ 120 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ മാതൃകാ അംഗനാവാടിയിലും എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് അറിയിക്കാമോ; ഓരോ അംഗനവാടിക്കും എത്ര രൂപ ചെലവിട്ടാണ് നവീകരണം നടത്തുന്നതെന്ന് വിശദമാക്കാമോ; | (ബി) | (ബി) ഓരോ മാതൃക അങ്കണവാടികളിലും ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്‌ലറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ്, വാഷ് ഏരിയ, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. മാതൃക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 23.75 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ്. ആയതിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ വിഹിതവുമായി കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (സി) | സാധാരണ അംഗനവാടികളിൽ ലഭ്യമല്ലാത്ത എന്തെല്ലാം അധിക സൗകര്യങ്ങളാണ് മാതൃകാ അംഗനവാടികളിൽ ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ? | (സി) | (സി) സംസ്ഥാനത്ത് ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടിയെങ്കിലും മുതിർന്ന സ്ത്രീകൾക്ക് വേണ്ടിയുള്ള പരിപാലന കേന്ദ്രം കൂടിയായി ഉയർത്തുന്നതിനാണ് 2012-13 വർഷത്തിൽ മാതൃക അങ്കണവാടി പദ്ധതി ആരംഭിച്ചത്. മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, സ്ത്രീ സൗഹൃദ ടോയ്‌ലറ്റ് തുടങ്ങിയ അധിക സൗകര്യങ്ങളാണ് *മാതൃക* അങ്കണവാടികളിൽ ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | ജില്ല | അനുവദിച്ച മാതൃക അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 11 |
| 2 | കൊല്ലം | 7 |
| 3 | പത്തനംതിട്ട | 6 |
| 4 | ആലപ്പുഴ | 9 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 9 |
| 8 | തൃശ്ശൂർ | 7 |
| 9 | പാലക്കാട് | 12 |
| 10 | മലപ്പുറം | 15 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 12 |
| 14 | കാസർഗോഡ് | 5 |
| ആകെ | | 120 |

Seena. VS
സെക്ഷൻ ഓഫീസർ